Hsslive.in
www.hsslive.in

Reg. No. : ..................................

Name : ........................................

**ME-508**

# SECOND YEAR HIGHER SECONDARY MODEL EXAMINATION, MARCH 2022

Part – II

Time : 2 $\frac{1}{2}$ Hours

## മലയാളം

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

### പാർട്ട് – I

### എ

**1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക.**

**1 സ്കോർ വീതം.** **(4 × 1 = 4)**

1. 'പുരുഷരത്നമീ ബാഹുകനോ' – ആരുടെ വാക്കുകൾ ?
   - ഋതുപർണ്ണൻ
   - കേശിനി
   - ഭീമൻ
   - ശീലാവതി

2. "നല്ലനായിരിപ്പവൻ നല്ലതു ഗ്രഹിച്ചീടും". ഏതുപോലെ ?

- മത്തേഭം പാംസുസ്നാനം ചെയ്യുന്നതുപോലെ
- കോകിലനാരി പോലെ
- വെള്ളത്തെ വെടിഞ്ഞു പാലന്നമെന്നതു പോലെ
- കണ്ണാടി കാൺമോളുവും തന്നുടെ മുഖമേറ്റം നന്നെന്നു നിരൂപിക്കും പോലെ

3. 'കുറവല്ലാതെ നമുക്കൊരു വസ്തു

പറവാനില്ല ജനിച്ചേപ്പിന്നെ' – ഇതിനു കാരണമായി ശീലാവതി കണ്ടെത്തുന്നത് എന്താണ് ?

Hsslive.in

www.hsslive.in

- ഭർത്താവിന്റെ പിടിവാശി
- ഭർത്താവിന് നല്കുന്ന ഔഷധങ്ങളുടെ ഫലമില്ലായ്മ.
- തന്റെ സമയക്കുറവ്
- പിറവിയിലുള്ള ജാതക ദോഷം.

4. ദിവാകരൻ അച്ഛന്റെയും അമ്മയുടെയും ചിത്രങ്ങൾ അന്വേഷിച്ചുചെന്ന തെരുവിന്റെ ഏതെങ്കിലും ഒരു പ്രത്യേകത എഴുതുക.

5. സംഗീതത്തോടും എന്നോടും ആന്റണിക്കുണ്ടായിരുന്ന സ്നേഹത്തിനു മുന്നിൽ കുമ്പിടുന്നു. – സി.പി. ആന്റണി കലാമണ്ഡലം ഹൈദരലിക്കുവേണ്ടി ചെയ്തതെന്ത് ?

6. അന്നത്തെ മലയാളം ക്ലാസ്സുകളിൽ നിന്ന് ഇ.സി.ജി. സുദർശന് ലഭിച്ച വലിയ അറിവ് എന്തായിരുന്നു ?

## ബി

**7 മുതൽ 10 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

**1 സ്കോർ വീതം.** **(4 × 1 = 4)**

7. 'മോഷണം' എന്ന കവിതയിൽ കള്ളൻ തുണി മോഷ്ടിച്ചത് എന്തിനാണ് ?
   - പാൽ കുടിക്കാനാണ്
   - ഭക്ഷണം കഴിക്കാനാണ്.
   - കാണുന്നവരുടെ നാണം കാക്കാനാണ്
   - ഔഷധം തയ്യാറാക്കാനാണ്.

8. കൊല്ലാങ്കണ്ടത്തിൽ ദേവസ്യക്ക് ചിരി അടങ്ങാതെ പോയതിന് കാരണമെന്താണ് ?
   - പാലുശ്ശേരിൽനാരായണ പിള്ള ഓടിവരുന്നത് കണ്ടിട്ട്.
   - തേങ്ങ പൊട്ടിക്കീറി കുളത്തിൽ വീണത് കണ്ടിട്ട്.
   - ഇത്രപൊക്കത്തിൽ നിന്ന് ഇത്രവലിയൊരു തേങ്ങവന്നു തലയിൽ വീണിട്ടും താൻ മരിച്ചില്ലല്ലോ എന്നോർത്തിട്ട്.
   - തെങ്ങിൻ ചുവട്ടിലിരുന്ന് മുറുക്കിയത് കൊണ്ട്.

Hss
www.h

9. യമുനോത്രീ ക്ഷേത്രത്തിന് തൊട്ടു താഴെക്കാണുന്ന ഉഷ്ണജല പ്രവാഹമേത് ?
   - സരസ്വതീനദി
   - ത്രിവേണി സംഗമം
   - അളകനന്ദ
   - സൂര്യകുണ്ഡ്

10. മാറിയ സാഹചര്യങ്ങളിലായാൽപ്പോലും മാധ്യമ പ്രവർത്തകർ സമൂഹത്തിന്റെ ദുർബലതകൾ ചൂണ്ടിക്കാട്ടേണ്ടവരാണ്. ഇങ്ങനെ അഭിപ്രായപ്പെട്ട മാധ്യമ പ്രവർത്തകനാണ്.
    - കെ. വിശ്വനാഥ്
    - പി. സായ്നാഥ്
    - വി.കെ ആദർശ്
    - എം. മുകുന്ദൻ

## പാർട്ട് – II

### എ

**11 മുതൽ 15 വരെ ചോദ്യങ്ങളിൽ 3 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

11. ടോട്ടായും ജോവലും മുൻപ് താമസിച്ചിരുന്ന കാട്ജിനെ ഇന്ത്യാസ് ന് ഇപ്പോൾ താമസിക്കുന്ന മാഡ്രിഡ് എന്ന നഗരത്തിൽ നിന്ന് എന്ത് മികവാണുള്ളത് ?

12. കരിമേഘം ചത്തുകിടക്കും

Hsslive.in
www.hsslive.in

കാകോളക്കടലോ മാനം ? – കാട്ടാളന്റെ നിരാശയെ പ്രകൃതിയും വർദ്ധിപ്പിക്കുന്നുണ്ടോ ? സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

13. ദിവാകരൻ ഒരു നട്ടുച്ചയ്ക്ക് കയറിചെല്ലുന്ന തെരുവിന്റെ വിവരണം ചെറുകഥയിലെ ദൃശ്യഭാഷാഖ്യാനത്തിന് ഉദാഹരണമാണോ ? വിശകലന കുറിപ്പ് തയ്യാറാക്കുക.

14. കാക്കാരശ്ശി നാടകങ്ങളിലെ സംഭാഷണം കേരളത്തിന്റെ തനത് ഭാഷയ്ക്കും നാടക പാരമ്പര്യത്തിനും മുതൽക്കൂട്ടാണോ ? കാക്കാന്റെയും കാക്കാത്തിമാരുടെയും സംഭാഷണരീതിയെ ആസ്പദമാക്കി ഉത്തരമെഴുതുക.

15. നാട്ടുമൊഴിയും നാട്ടുവഴക്കവും പുലിക്കോട്ടിൽ രചനകളെ അറബിമലയാള സാഹിത്യത്തിൽ വേറിട്ടവയാക്കുന്നു. നിങ്ങളുടെ അഭിപ്രായ കുറിപ്പ് തയ്യാറാക്കുക.

ബി

**16 മുതൽ 18 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക. 2 സ്കോർ വീതം.** **(2 × 2 = 4)**

16. അലുമിനിയം ക്യാമ്പിന്റെ പ്രത്യേകതകൾ എഴുതുക.

17. മാധ്യമ വികാസത്തിന്റെ പ്രകടമായ ഫലം വസ്തുതകളുടെയും വിവരങ്ങളുടെയും പ്രളയം എന്നതാണ്. ഈ സാഹചര്യത്തിൽ കമ്പ്യൂട്ടർ മനുഷ്യന്റെ വിശ്വസ്ത സേവകനാകുന്നുണ്ടോ ? വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കുക.

18. കമ്പ്യൂട്ടർ വാങ്ങിയ ശേഷം ടി.പി. ശ്രീധരന്റെ ജീവിതത്തിൽ വന്ന രണ്ടു മാറ്റങ്ങൾ എഴുതുക.

പാർട്ട് - III

Hsslive.in

എ

www.hsslive.in

**19 മുതൽ 23 വരെ ചോദ്യങ്ങളിൽ 3 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(3 × 4 = 12)**

19. 'ഒരേതരം പ്രകാശം. ആ ധാരാളിത്തത്തിൽ മുഖങ്ങൾക്കും ഏകാന്തത വീണിരിക്കുന്നു.' മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വിൽക്കുന്ന ആ കടകൾക്കെല്ലാം ഒരു ഏകതയുണ്ടെന്ന് ദിവാകരൻ അപ്പോൾ തിരിച്ചറിയുന്നുണ്ടോ ? വിശകലന കുറിപ്പ് തയ്യാറാക്കുക.

20. 'അതിന് വിശപ്പുണ്ടോ നമുക്ക് ? വിശപ്പുപോലുള്ള താണതരം കാര്യങ്ങളിൽ നാം വ്യാപൃതരാകാറുണ്ടോ' ? – വിദൂഷകൻ വിശപ്പിനെ താണതരം കാര്യമായും രാജസന്നിധിയിൽ വിശപ്പ് എന്നത് അപശബ്ദമായും വിചാരിക്കുവാൻ കാരണമെന്ത് ?

21. കലാമണ്ഡലം ഹൈദരലി പങ്കുവയ്ക്കുന്ന നിളാനദിയെ കുറിച്ചുള്ള ഓർമ്മകൾ ആസ്പദമാക്കി കുറിപ്പ് തയ്യാറാക്കുക.

22. പുലിക്കോട്ടിൽ കൃതികളിൽ കത്തു പാട്ടുകൾ ആശയങ്ങളിലും ആവിഷ്കാരത്തിലും വേറിട്ടു നിൽക്കുന്നവയാണ്. കത്ത് പാട്ട് എന്ന വിഭാഗത്തിൽ എഴുത്തുകാരന്റെ സംഭാവനയെക്കുറിച്ച് ലഘുക്കുറിപ്പ് തയ്യാറാക്കുക.

23. ചെറുപ്പക്കാരന്റെ മരണത്തിന് യഥാർത്ഥ കാരണം ഡോക്ടർ ആണെന്ന് ആൺഗൗളി പറയുവാനുള്ള കാരണമെന്ത് ?

### ബി

**24, 25 ചോദ്യങ്ങളിൽ 1 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.**

**(1 × 4 = 4)**

24. 'ഇത്ര വികാരനിർഭരമായ യാത്രയയപ്പ് ഇന്ത്യയിലെ ഒരു കായിക താരത്തിനും ഇന്നേ വരെ ലഭിച്ചിട്ടുണ്ടാവില്ല.' – വാംഖഡെയിൽ സച്ചിനു ലഭിച്ച യാത്രയയപ്പിനെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

25. ലക്ഷ്യമില്ലാതെ അലഞ്ഞു നടക്കുന്നതുപോലെ ലക്ഷ്യമില്ലാതെ കമ്പ്യൂട്ടറിനു മുമ്പിൽ വെറുതെയിരിക്കുവാനും കഴിയും – ടി.പി. ശ്രീധരന്റെ ജങ്കുമെയിലുകളും കമ്പ്യൂട്ടർ ക്ലിക്കിൽ നിന്നു ലഭിച്ച ആവശ്യമില്ലാത്ത വിവരങ്ങളും മാറ്റിമറിച്ചത് ഏതെല്ലാം വിധത്തിലാണ് ?

Hsslive.in

www.hsslive.in

## പാർട്ട് – IV

### എ

**26 മുതൽ 29 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(3 × 6 = 18)**

26. എഴുത്തച്ഛൻ കൃതികളിലെ ഭാഷ എന്ന ചർച്ചയിൽ നിങ്ങൾ പങ്കെടുക്കുന്നുവെങ്കിൽ അവതരിപ്പിക്കാൻ സാദ്ധ്യതയുള്ള വാദങ്ങൾ 'കണ്ണാടികാൺമോളവും' എന്ന പാഠഭാഗത്തെ ലോകോക്തികൾ അടിസ്ഥാനമാക്കി എഴുതുക.

27. ബാഹുകൻ തന്നെയാണ് നളൻ എന്ന നിഗമനത്തിലെത്തിച്ചേരുവാൻ ദമയന്തിക്ക് സാധിക്കുന്നത് എങ്ങനെ ?

28. പ്രതികരണ ശേഷിയില്ലാത്ത പ്രജകൾ ഒരു രാജ്യത്തിന്റെ ശാപമാണോ ? 'അഗ്നിവർണ്ണന്റെ കാലുകൾ' എന്ന നാടകം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

29. സമകാലിക സ്ത്രീ ജീവിതാവസ്ഥയിൽ പ്രകടമായ മാറ്റം വരുത്തേണ്ടത് ആവശ്യമായി കുഞ്ചൻ നമ്പ്യാർ കണ്ടിരുന്നോ ? ശീലാവതി ചരിതത്തിലെ പരിഹാസത്തിന്റെ സാമൂഹിക വിമർശ തലം വിശദമാക്കുക.

ബി

**30 മുതൽ 32 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(2 × 6 = 12)**

30. കൊല്ലാങ്കണ്ടത്തിൽ ദേവസ്യ ചിരിച്ചുമരിക്കുവാനിടയായ സംഭവങ്ങൾ എഴുതുക.

31. ഇന്ത്യയുടെ സുരക്ഷിതത്വം മഞ്ഞിലുറഞ്ഞു പോകുന്ന ഇന്ത്യൻ പട്ടാളക്കാരുടെ കഠിന ജീവിതത്തിലാണോ ? സൂര്യപ്രകാശ് എന്ന് യുവ പട്ടാളക്കാരൻ നിസ്സാരമട്ടിൽ പറഞ്ഞ അനുഭവകഥ ആസ്പദമാക്കി വിശദമാക്കുക.

32. 'സാമൂഹിക മാധ്യമങ്ങൾ സമകാലിക ജീവിതത്തിൽ വരുത്തുന്ന മാറ്റങ്ങൾ' – എഡിറ്റോറിയൽ തയ്യാറാക്കുക.

Hsslive.in
www.hsslive.in

## പാർട്ട് – V

**33 മുതൽ 35 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. 8 സ്കോർ വിതം.** **(8 × 2 = 16)**

33. 'കുട്ടികൾ ഒരേ സമയത്ത് ഒരുപാട് ലൈറ്റുകൾ പ്രകാശിപ്പിച്ചതുകൊണ്ടാണ് അപാർട്ട്മെന്റിൽ പ്രകാശത്തിന്റെ വെള്ളപ്പൊക്കമുണ്ടായത് ' – പ്രകാശം ജലം പോലെയാണ് എന്ന ചെറുകഥയെ ആസ്പദമാക്കി മാർക്വെസിന്റെ ആഖ്യാനരീതി വിശകലനം ചെയ്യുക.

34. 'മഴനീരിനു മാനം നോക്കിയിരുന്നു കാട്ടാളൻ ......' ചൂഷകരുടെ കയ്യിലകപ്പെട്ട് തനതിടം നഷ്ടപ്പെട്ടുപോയ ഒരാളുടെ രോദനത്തിന്റെയും രോഷത്തിന്റെയും പ്രതിധ്വനിയാണോ കിരാതവൃത്തം ? നിരൂപണം തയ്യാറാക്കുക.

35. "നിങ്ങളുടെ കുഞ്ഞുങ്ങളുടെ അമ്മയാവാൻ ഏത് പെൺഗൗളിക്കും കഴിയും. പക്ഷേ, ഇത് ഞാൻ തന്നെ കണ്ടെത്തേണ്ട കാര്യമാണ്. തന്നെയുമല്ല, പെണ്ണുങ്ങളെക്കൊണ്ട് എന്തൊക്കെ സാധിക്കുമെന്നും എനിക്കറിയേണ്ടതുണ്ട് " – ഗൗളിജന്മം എന്ന കഥയിലൂടെ ഗ്രേസി അവതരിപ്പിക്കുന്ന സാമൂഹിക വിമർശനവും ഫലിതവും വിശദമാക്കുക.

Hsslive.in
www.hsslive.in

---